ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിൽ ദുരിതാശ്വാസത്തിന് ചെലവഴിച്ച തുക

651. [874] ശ്രീ. ടി. എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിൽ ദുരിതാശ്വാസത്തിന് ഇതുവരെ എന്തു തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) കേരളത്തിന്റെ പ്രത്യേകത കണക്കിലെടുത്ത് കേന്ദ്ര ഗവൺമെന്റിന്റെ നിബന്ധനകൾക്ക് അതീതമായി പരിഗണന നൽകണമെന്ന് സംസ്ഥാന ഗവൺമെന്റ് അഭ്യർത്ഥിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിൽ 238 ലക്ഷം രൂപയും, കോട്ടയം ജില്ലയിൽ 80.75 ലക്ഷം രൂപയും പത്തനംതിട്ട ജില്ലയിൽ 67.75 ലക്ഷം രൂപയും ഇതുവരെ ദുരിതാശ്വാസത്തിന് വേണ്ടി ചെലവഴിച്ചു.

(ബി) ഇല്ല.

ഭവന നിർമ്മാണ പദ്ധതികൾ

652. [876] ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ :
,, കെ. വി. പ്രഭാകരൻ :
,, എം. കെ. കേശവൻ :
ഡോക്ടർ എ. സുബ്ബറാവു :
ശ്രീ. വി. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം തരം ഭവന നിർമ്മാണ പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നത് ;

(ബി) ഇതിൽ ഓരോ ഇനത്തിലും കഴിഞ്ഞ ആറുമാസത്തിനിടയിൽ എത്ര വീടുകൾ പണിയാൻ അനുമതി നൽകി ;

(സി) എത്ര വീടുകളുടെ പണി പൂർത്തിയാക്കി ?

ഉത്തരം

(എ, ബി, സി) വിശദവിവരങ്ങൾ അനുബന്ധമായി † ചേർത്തിട്ടുണ്ട്.

പുനരധിവാസ പദ്ധതിപ്രകാരമുള്ള ഭവനനിർമ്മാണ വായ്പക്കുള്ള പലിശ

653. [877] ശ്രീ. എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനരധിവാസ പദ്ധതിപ്രകാരം സന്നദ്ധസംഘടനകൾ മുഖേന ഭവനനിർമ്മാണ ബോർഡ് പാവപ്പെട്ടവർക്ക് നൽകുന്ന വായ്പതുകക്ക് എത്ര ശതമാനം പലിശയാണ് ഗവൺമെന്റ് ഈടാക്കുന്നത് ;

(ബി) ഇതിൽ സബ്സിഡി ഇനമെത്രയാണ് ;

† അനുബന്ധം 1

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ (876) കാണുക

നമ്പർ	സംസ്ഥാനസർക്കാർ നടപ്പിലാക്കിവരുന്ന ഭവനനിർമ്മാണപദ്ധതിയുടെ പേര്	കഴിഞ്ഞ 6 മാസത്തിനിടയിൽ അനുമതി നൽകിയ വീടുകളുടെ എണ്ണം	കഴിഞ്ഞ 6 മാസത്തിനിടയിൽ പണിപൂർത്തിയാക്കിയ വീടുകളുടെ എണ്ണം
1	പൊതുഭവന നിർമ്മാണപദ്ധതി	48 ഫ്ളാറ്റ്	ഒരു വീടും പൂർത്തിയായിട്ടില്ല
2	സഹകരണ ഭവന നിർമ്മാണപദ്ധതി	ഇല്ല	1266
3	കുടികിടപ്പുഭവന നിർമ്മാണപദ്ധതി	ഇല്ല	103
4	പുനരധിവാസ ഭവനനിർമ്മാണപദ്ധതി	226	1244
5	സർക്കാരുദ്യോഗസ്ഥൻമാർക്കുള്ള വാടകവീടുപദ്ധതി	ഇല്ല	ഇല്ല
6	സന്നദ്ധ സംഘടനയുടെ സഹായത്തോടെയുള്ള ഭവന നിർമ്മാണപദ്ധതി	1526	872
7	വിദേശ ഇൻഡ്യാക്കാർക്കുള്ള പ്രത്യേക പാർപ്പിട പദ്ധതി	6 (തിരുവല്ല)	ഇല്ല
8	ചേരി നിർമ്മാർജ്ജനപദ്ധതി	ഇല്ല	ഇല്ല
9	എം.എൽ.എ. മാർക്കും എം.പി. മാർക്കുമുള്ള ഭവന നിർമ്മാണപദ്ധതി	13	3
10	ഉയർന്ന വരുമാനക്കാർക്കുള്ള ഭവന നിർമ്മാണ പദ്ധതി	29	15
11	ഇടത്തരം വരുമാനക്കാർക്കുള്ള ഭവന നിർമ്മാണപദ്ധതി	ഇല്ല	62
12	താഴ്ന്ന വരുമാനക്കാർക്കുള്ള ഭവന നിർമ്മാണ പദ്ധതി	ഇല്ല	71
13	ഐ.വൈ.എസ്.എച്ച്. പൈലറ്റ് പ്രോജക്ട്, കൊച്ചി	ഇല്ല	ഇല്ല
14	ഗ്രാമീണ ഭവന നിർമ്മാണ പദ്ധതി	ഇല്ല	63
15	ഗ്രാമീണ തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണപദ്ധതി	ഇല്ല	391